# പ്രത്യാശ നൽകുന്ന ദൈവം

സന്തോഷ് കരുമത്ര

പ്രത്യാശ നഷ്ടപ്പെട്ട തലമുറയാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. ഒന്നിലും പ്രത്യാശ വയ്ക്കാൻ കഴിയുന്നില്ലെന്ന് നല്ലൊരു ശതമാനം ആളുകളും പരാതിപ്പെടുന്നു. കുടുംബത്തെക്കുറിച്ച് ഓർത്ത് സങ്കടപ്പെടുന്നവർ, പഠനത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും ആശങ്കപ്പെടുന്ന വിദ്യാർഥികൾ, ശുശ്രൂഷ മേഖലയിൽ ഞെരുക്കങ്ങൾ ഉണ്ടാകുമ്പോൾ പ്രതീക്ഷ നഷ്ടപ്പെട്ട് പിന്മാറുന്ന സുവിശേഷ പ്രവർത്തകർ. എന്നാൽ എല്ലാ അരക്ഷിതാവസ്ഥകൾക്കുമിടയിൽ ദൈവവചനം പ്രത്യാശ നൽകുന്നു.

**പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവുംകൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ! അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ! (റോമ. 15:13).** എത്രമാത്രം ആനന്ദം നൽകുന്ന വാഗ്ദാനമാണിത്. ലോകം നൽകുന്ന ഇമ്പകരമായ വാഗ്ദാനങ്ങളോ, സമ്പത്തോ, പ്രിയപ്പെട്ടവരോ, കഴിവുകളോ അല്ല, കർത്താവായ യേശുവാണ് നമ്മുടെ പ്രത്യാശ. യേശുവിൽ പ്രത്യാശ അർപ്പിച്ചവരുടെ ജീവിതത്തിൽ നിരാശയ്ക്ക് സ്ഥാനമില്ല. **പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ. 5 5).** ഇന്ന് അനേകർ പ്രതീക്ഷ നഷ്ടപ്പെട്ട് നിരാശയിലും സങ്കടത്തിലും കഴിയുന്നതിനു കാരണം അവർ പ്രത്യാശയർപ്പിച്ചിരിക്കുന്നത് യേശുക്രിസ്തുവിൽ അല്ലാത്തതുകൊണ്ടാണ്.

**'ദൈവത്തിൽ മാത്രമാണ് എനിക്ക് ആശ്വാസം; അവിടുന്നാണ് എനിക്ക് രക്ഷ നൽകുന്നത്.അവിടുന്ന് മാത്രമാണ് എന്റെ അഭയശിലയും കോട്ടയും;ഞാൻ കുലുങ്ങി വീഴുകയില്ല... ദൈവത്തിൽ മാത്രമാണ് എനിക്കാശ്വാസം, അവിടുന്നാണ് എനിക്കു പ്രത്യാശ നൽകുന്നത്.' (സങ്കീ. 62 1-5).** ദൈവത്തിൽ പ്രത്യാശ അർച്ചിരിക്കുന്ന ഒരു വ്യക്തിയും പ്രതിബന്ധങ്ങളോ വെല്ലുവിളികളോ, തടസ്സങ്ങളോ വന്നാലും കുലുങ്ങുകയില്ല.

## ഏലിയയ്ക്കു പ്രത്യാശ പകർന്ന കർത്താവ്

ദൈവത്തിനുവേണ്ടി അതീവ ശക്തിയോടെ ശുശ്രൂഷ ചെയ്ത പ്രവചകനാണ് ഏലിയ. ദൈവമഹത്വത്തെ ജനത്തിനു മുന്നിൽ വെളിപ്പെടുത്തിയവനാണ് അവൻ. ആഹാബ് രാജാവിനു മുൻപിൽ കർത്താവിന്റെ വചനം ധീരതയോടെ വിളിച്ചു പറഞ്ഞവൻ, തന്റെ പ്രാർഥനയുടെ ശക്തിയാൽ ആകാശത്തിന്റെ കിളിവാതിലുകൾ അടച്ചവനും ആകാശത്തുനിന്നു തീയിറക്കി രാജ്യത്തെ വിഗ്രഹശക്തികളെ നശിപ്പിച്ചവനും.

കർമൽ മലമുകളിൽ ഏലിയ കർത്താവിന്റെ ശക്തി വെളിപ്പെടുത്തി ജനത്തെ യഥാർഥ ആരാധനയിലേയ്ക്ക് നയിച്ച സംഭവത്തെക്കുറിച്ചും ബാലിന്റെ പ്രവാചകരെ നശിപ്പിച്ചുകളഞ്ഞ പ്രവൃത്തിയെക്കുറിച്ചും ഇസ്രയേലിന്റെ രാജാവായ ആഹാബ് തന്റെ ഭാര്യയായ ജെസബെലിനോട് പറയുന്ന രംഗമുണ്ട് (1 രാജാ.19). ഇതു കേട്ടു കഴിഞ്ഞപ്പോൾ ജെസബെൽ വിളിച്ചു പറഞ്ഞു: നാളെ ഈ നേരത്തിനു മുമ്പ് ഏലിയ പ്രവാചകന്റെ ജീവനെ ഞാൻ നശിപ്പിക്കും.'ഇന്നത്തെ കാലത്തും യേശുവിന്റെ ശുശ്രൂഷകർക്കെതിരെ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളിലും ജെസബെലിൽ പ്രവർത്തിച്ച അതേ ദുഷ്ടാരൂപി തന്നെയാണ് പ്രവർത്തിക്കുന്നത്.

ജെസബെലിന്റെ വാക്കുകൾ അറിഞ്ഞ ഏലിയ പ്രാണരക്ഷാർഥം ഓടി യൂദയായിലെ ബർഷബയിലെത്തി. അവിടെ കഴിയവെ ഒരു ദിവസം ഏലിയ മരുഭൂമിയിലൂടെ നടക്കുകയായിരുന്നു. ഒരു മുൾച്ചെടിയുടെ തണലിൽ ഇരുന്ന ഏലിയ കർത്താവിനോടു കേണു: കർത്താവേ എനിക്കു മടുത്തു. മുന്നോട്ടു പോകാൻ എന്നെക്കൊണ്ടു സാധ്യമ

ല്ല. എന്റെ ജീവനെ നീ എടുത്താലും. കരുത്തു ചോർന്ന് വിലപിച്ച ഏലിയയെ കർത്താവ് കൈവിട്ടില്ല. പ്രത്യാശ നൽകുന്നവനാണ് കർത്താവ്. പ്രത്യാശ നഷ്ടപ്പെട്ട ഏലിയ പ്രവാചകന്റെ അടുത്തേക്ക് കർത്താവ് ദൈവദൂതന്മാരെ അയച്ചു.

ജെസബെലിന്റെ വാക്കുകേട്ട് ഏലിയ തളർന്നതുപോലെ ഇന്ന് പലരുടെയും വാക്കുകൾ നമ്മളെ അസ്വസ്ഥതപ്പെടുത്തുകയും തളർത്തുകയും ചെയ്യാറുണ്ട്. എന്നാൽ നിരാശയിൽ അകപ്പെട്ട് ജീവിതം നഷ്ടപ്പെടുത്തേണ്ടവരല്ല നമ്മൾ. ഏലിയയുടെ അടുത്തേയ്ക്ക് എന്നതുപോലെ നമ്മുടെ ഓരോരുത്തരുടെയും അടുത്തേയ്ക്കും ദൈവം ദൂതന്മാരെ അയക്കുന്നുണ്ട്. വേദനിച്ച് മനസ് ഭാരപ്പെട്ടിരിക്കുന്ന അനേകം വ്യക്തികളിൽ പരിശുദ്ധാത്മാവ് ശക്തി നിറയ്ക്കുന്നു. പ്രത്യാശ നൽകുന്നവനാണ് നമ്മുടെ ദൈവം. നമ്മുടെ പ്രത്യാശ സമ്പത്തിലോ വ്യക്തികളിലോ ഈ ലോകത്തിലോ അല്ല മറിച്ച് നമുക്കുവേണ്ടി രക്തം ചിന്തി മരിച്ച കർത്താവിലാണ്.

ഈയൊരു വിശ്വാസ നിറവിലേയ്ക്കാണ് കർത്താവ് ഓരോരുത്തരെയും വിളിക്കുന്നത്. ക്ഷീണിച്ച്, വിശന്ന്, വേദനിച്ചിരുന്ന ഏലിയയ്ക്ക് ചൂടുകല്ലിൽ ചുട്ടെടുത്ത അപ്പവും വെള്ളവും നൽകി ദൈവദൂതൻ തട്ടിയുണർത്തിയതുപോലെ നമ്മെയും തകർച്ചയിൽനിന്നും വേദനയിൽനിന്നും കർത്താവ് തട്ടിയുണർത്തുന്നു. കർത്താവു നൽകിയ അപ്പത്തിന്റെ ശക്തിയാൽ നാൽപതു രാവും നാൽപതു പകലും നടന്ന ഏലിയയ്ക്ക് കർത്താവ് പുതിയ ശുശ്രൂഷാ ദൗത്യങ്ങൾ നൽകി. പുതിയ ഉണർവിലേയ്ക്ക് ഏലിയയെ നയിച്ച കർത്താവ് നമുക്കും പുതിയ ശുശ്രൂഷാ ദൗത്യങ്ങൾ നൽകാൻ ആഗ്രഹിക്കുന്നു. ഏലിയയെപ്പോലെ നിരാശപ്പെട്ടും വേദനിച്ചുമിരിക്കുന്ന അനേകരെ നോക്കി കർത്താവ് പറയുന്നു: നിന്നെ ബലപ്പെടുത്താൻ ഞാൻ മതിയായവനാണ്. കർത്താവിന്റെ പ്രത്യാശയുടെ അനുഭവത്തിലേയ്ക്ക് നയിക്കേണമേ എന്ന് നമുക്ക് പ്രാർഥിക്കാം. എല്ലാ ദു:ഖങ്ങളിൽനിന്നും മോചിപ്പിച്ച് അങ്ങേ ദൗത്യങ്ങൾക്കായി എന്നെ പ്രയോജനപ്പെടുത്തേണമേ.